കള്ളുഷാപ്പുകൾ ലേലം ചെയ്ത് നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ

*9 [660] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*

„ *ടി. പി. രാമകൃഷ്ണൻ:*

„ *കോടിയേരി ബാലകൃഷ്ണൻ:*

„ *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച 2005-2006-ലെ അബ്കാരി നയം സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായത്തെ തകർക്കുന്നതാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളുഷാപ്പുകൾ ലേലം ചെയ്തു നൽകുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2004-2005-ലെ അബ്കാരി നയത്തെ അപേക്ഷിച്ച് കള്ളുഷാപ്പുകൾക്ക് എത്ര ശതമാനം ലൈസൻസ് ഫീസാണ് വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ നിർമ്മിത വിദേശമദ്യങ്ങൾ വിൽക്കുന്നതിന് ഹോട്ടലുകൾക്കും ബാറുകൾക്കും ലൈസൻസ് നൽകുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് പറയാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) സർക്കാർ പ്രഖ്യാപിച്ച 2005-2006-ലെ അബ്കാരി നയം കള്ള് ചെത്ത് വ്യവസായത്തെ തകർക്കുന്നതാണെന്ന് സർക്കാർ കരുതുന്നില്ല.

(ബി) കള്ളുഷാപ്പുകൾ ലേലം ചെയ്ത് നൽകുന്ന നടപടി ഇപ്പോൾ നിലവിലില്ല.

(സി) കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ് ഒരുലക്ഷത്തിനുമുകളിൽ ഉള്ളതിനും ഇരുപത് തൊഴിലാളികൾ ഉള്ളതിനും 15% വർദ്ധനയും മറ്റുള്ളവയ്ക്ക് 25% വർദ്ധനയുമാണ് വരുത്തിയിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് കേന്ദ്ര സർക്കാർ അംഗീകരിച്ച മൂന്ന് സ്റ്റാറും അതിനുമുകളിലുമുള്ള ഹോട്ടലുകൾക്കും ഹെറിറ്റേജ് പദവി ലഭിച്ചിട്ടുള്ള ഹോട്ടലുകൾക്കും വിദേശമദ്യം വിൽക്കുന്നതിന് പുതുതായി ലൈസൻസ് നൽകുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്രിസ്ത്യൻ/മുസ്ലീംപള്ളി, അമ്പലം, ശ്മശാനം, പട്ടികജാതി/പട്ടികവർഗ്ഗ കോളനി എന്നിവയുടെ 200 മീറ്റർ ചുറ്റളവിൽ ടി ലൈസൻസ് അനുവദിക്കാറില്ല. എന്നാൽ നാല് സ്റ്റാറിനും അതിനുമുകളിലുമുള്ള ഹോട്ടലുകൾക്കും ഈ ദൂരപരിധി 50 മീറ്റർ ആയി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly